**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**

(ഹാജർ: എ.സന്തോഷ്)

വിഷയം : കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- പൊതുതിരഞ്ഞെടുപ്പ് 2020- സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം ശബ്ദ സന്ദേശം ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ, ബി.എസ്.എൻ.എൽ തുടങ്ങിയവയിലൂടെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

നമ്പർ: ബി1/33870/2020/സം.തി.ക തീയതി: 02.12.2020

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020-ലെ പൊതു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് പ്രചരാണാർത്ഥം അവരുടെ ശബ്ദ സന്ദേശം ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ, ബി.എസ്.എൻ.എൽ തുടങ്ങിയവയിലൂടെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) ഇപ്രകാരം പരസ്യം നൽകുമ്പോൾ അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഏജൻസിയിൽ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന് വേണ്ടി ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ പരസ്യത്തിന്റെ/മെസ്സേജിന്റെ ഉള്ളടക്കം നിലവിലെ തിരഞ്ഞെടുപ്പ നിയമങ്ങളും വിവര സാങ്കേതിക നിയമവും നിയമം അനുശാസിക്കുന്ന പ്രകാരമാണെന്ന സത്യവാങ്മൂലവും നൽകേണ്ടതാണ്.

3) ഇപ്രകാരം അപേക്ഷ ലഭിക്കുമ്പോൾ സ്ഥാനാർത്ഥികളുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പരസ്യത്തിന്റെ/മെസ്സേജിന്റെ ഉള്ളടക്കം പരിശോധിച്ച്, നിലവിലുള്ള വിവര സാങ്കേതിക നിയമത്തിന് വിധേയമായി

അത്തരത്തിൽ പരസ്യം ചെയ്യുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകാൻ ഓരോ ജില്ലയിലേയും ഇൻഫർമേഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ്:-

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും &
ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ